**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 884** | **10-08-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നതിനുശേഷം പ്രീമെട്രിക്ക്/ പോസ്റ്റ് മെട്രിക്ക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ ; | (എ) | ഈ സർക്കാർ വന്നതിനുശേഷം 05/01/2023ലെ സ.ഉ. (പി) നം.2/2023/ പജപവവിവ പ്രകാരം പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് മാനദണ്ഡങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. IIM, IIT, NIFT ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നവർക്കും CA, ICWA, CS തുടങ്ങിയ കോഴ്സുകൾ പഠിക്കുന്നവർക്കും സ്കോളർഷിപ്പ് ലഭിക്കും. കൂടാതെ ന്യൂജനറേഷൻ കോഴ്സുകൾ ഉൾപ്പെടെയുള്ള അംഗീകൃത സ്ഥാപനങ്ങളിൽ മെറിറ്റ്/റിസർവേഷനിൽ പ്രവേശനം ലഭിക്കുന്നവർക്കും സ്കോളർഷിപ്പ് ലഭിക്കും. ഇതിന്റെ ഫലമായി കൂടുതൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്ന സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിലെ ലംപ്സം ഗ്രാന്റും, ഹോസ്റ്റൽ ഫീസും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പ്രീമെട്രിക് സ്കോളർഷിപ്പ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | (എ) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ